# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4707 — 26/10/2016 -ൽ മറുപടിക്ക്

# പൂർത്തീകരിക്കാത്ത സമഗ്ര കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ശശി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) കൊച്ചി സ്മാർട്ട് സിറ്റി ഉൾപ്പെടെ സമഗ്ര കുടിവെള്ള പദ്ധതികൾ തുടങ്ങാനായി ഈ സർക്കാർ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും എത്ര തുക വകയിരുത്തി; ഏതെല്ലാം പദ്ധതികളിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (എ) ഷൊർണ്ണൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കൊല്ലം, കാസർഗോഡ്, പൊന്നാനി, കൊയിലാണ്ടി, തൊടുപുഴ, കോട്ടയം, തൃശ്ശൂർ, മട്ടന്നൂർ തുടങ്ങിയ 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 735 കോടി രൂപ ബഡ്ജറ്റ് 2016-17 ൽ നീക്കി വച്ചിട്ടുണ്ട്. ഇതിനുപുറമേ കൊച്ചി സ്മാർട്ട് സിറ്റി 24X7 പദ്ധതിക്കായി 500 കോടി രൂപയും ബഡ്ജറ്റ് 2016-17 ൽ നീക്കി വച്ചിട്ടുണ്ട്.<br><br>(i) ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന കൊഴിഞ്ഞാംപാറ, ധർമ്മടം, കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ), മാനന്തവാടി സമീപ പഞ്ചായത്തുകളും, തിരുമാലി, നെന്മാറ, കടമക്കുടി, വരാപ്പുഴ, പെരുനാട് തുടങ്ങിയ 9 പദ്ധതികൾക്കുമായി ബഡ്ജറ്റ് 2016-17 ൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 162 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.<br><br>(ii) കുടിവെള്ള മേഖലയിൽ പുതിയ പദ്ധതികൾക്കായുള്ള ബഡ്ജറ്റ് 2016-17 ലെ മറുപടി പ്രസംഗത്തിൽ 90 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാനായി 526 കോടി രൂപയും പഴയ പമ്പുകൾ മാറ്റി സ്ഥാപിക്കാനായി 141 കോടി രൂപയും പ്രത്യേക നിക്ഷേപനിധിയിൽ വകയിരുത്തിയിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞ പദ്ധതികളുടെ അംഗീകാരം ലഭ്യമാകുന്നതിനായി വിശദമായ എഞ്ചിനീ |

യറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. പദ്ധതികളുടെ പേരു വിവരങ്ങൾ അനുബന്ധം I (i)&(ii) ആയി ചേർക്കുന്നു. ആയതു പരിശോധിച്ചു വരുന്നു

(ബി) മുൻസർക്കാരുകളുടെ കാലങ്ങളിൽ സംസ്ഥാനത്ത് പണികൾ തുടങ്ങിയതും നാളിതുവരെ പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ കുടിവെള്ള പദ്ധതികൾ ഏതെല്ലാം; ഓരോന്നിന്റേയും പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരുകളുടെ കാലത്ത് സംസ്ഥാനത്ത് പണികൾ തുടങ്ങിയതും നാളിതു വരെ പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ടതും മുൻസർക്കാരിന്റെ കാലത്ത് പണികൾ തുടങ്ങി ഇനിയും പണി പൂർത്തിയാകാത്ത 374 കുടിവെള്ള പദ്ധതികളാണുള്ളത്. അവയുടെ പഞ്ചായത്തു തിരിച്ചുള്ള വിശദാംശങ്ങളും അവ ഓരോന്നിന്റേയും നിർമ്മാണ പ്രവർത്തന പുരോഗതിയും അനുബന്ധം-III ൽ ചേർത്തിരിക്കുന്നു.

(സി) ഓരോ പദ്ധതിക്കുമായി നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും പദ്ധതി പൂർത്തീകരിക്കാൻ ഇനി എത്ര തുക വേണ്ടി വരുമെന്നും ഇവ ഓരോന്നിന്റേയും പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി ഓരോ പദ്ധതിക്കുമായി നാളിതുവരെ ചെലവാക്കിയ തുകയും, പദ്ധതി പൂർത്തീകരിക്കുവാൻ എത്ര തുക വേണ്ടി വരുമെന്നും, പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നുമുള്ള വിവരം അനുബന്ധം II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

30/9/2016 വരെ ഓരോ ജലനിധി പദ്ധതിക്കും ചിലവായ തുകയും, അവ ഓരോന്നും പൂർത്തീകരിക്കുവാൻ ആവശ്യമായ തുകയും അനുബന്ധം-IV ൽ ചേർത്തിരിക്കുന്നു.

തെന്നല മൾട്ടി ജി.പി. പദ്ധതിയും, ഊരകം മൾട്ടി ജി.പി. പദ്ധതിയും സെപ്റ്റംബർ 2017-ലും ബാക്കിയുള്ള കുടിവെള്ള പദ്ധതികൾ 2017 മാർച്ചിലും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ഡി) പ്രസ്തുത പദ്ധതികളുടെ പണികൾ പൂർത്തീകരിക്കാനായി വകുപ്പിൻ കീഴിൽ ഒരു പ്രത്യേക വിഭാഗത്തെ

(ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പ്രത്യേക പ്രോജക്ട് ഡിവിഷനുകൾ വീതം രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ പുരോഗതി സംബന്ധിച്ച്

| | |
|---|---|
| നിയോഗിച്ച് പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും പ്രസ്തുത പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യുവാനും നടപടികൾ സ്വീകരിക്കുമോ? | വിവിധ തലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തി പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ആവശ്യമായ ഘട്ടങ്ങളിൽ ജനപ്രതിനിധികളുൾപ്പെടെയുള്ളവരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത പദ്ധതികളെല്ലാം തന്നെ സമയബന്ധിതമായി പൂർണ്ണമായി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി, കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി എന്നിവ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

JSK/